കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കടലുണ്ടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.16/427/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in
Phone – 0495 2371012
തിയ്യതി. 30.03.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കടലുണ്ടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കടലുണ്ടി ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.കെ.ഡി. പി.16/427/2019 തിയ്യതി. 30.03.2019.

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട്ജില്ലയിലെ കടലുണ്ടിഗ്രാമപഞ്ചായത്തിന്റെ 2017 -18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.7.2017 മുതൽ 21.3.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകി. അന്വേഷണക്കുറിപ്പുകൾക്ക് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.3.2019 മുതൽ 28.3.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഇ. വി. ഹരി, ഓഡിറ്റ് ഓഫീസർ<br>ശ്രീ. പി. എ. വിനോദ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. എ. കെ. ഷൈന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ആർ. കെ. ദിശ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പി. ജിഷ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി. കെ. അജയകുമാർ | 1.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. എം. രാജീവൻ | 1.04.2017 മുതൽ 18.06.2017 വരെ |
| സെക്രട്ടറി | ശ്രീ. കെ. എം. അബ്ദുൽ മുഖ്ദാദീർ, അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് | 19.06.2017 മുതൽ 6.07.2017 വരെ |
| സെക്രട്ടറി | ശ്രീ. എം. രാജീവൻ | 7.07.2017 മുതൽ 4.01.2018 വരെ |
| സെക്രട്ടറി | ശ്രീ. കെ. പി. എം. നവാസ് | 5.01.2018 മുതൽ 14.01.2018 വരെ |
| സെക്രട്ടറി | ശ്രീ. ടി.കെ. ഫവാസ് ഷമീം | 15.01.2018 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കെ. എം. അബ്ദുൽ മുഖ്ദാദീർ | 1.04.2017 മുതൽ 30.06.2017 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കെ. പി. എം. നവാസ് | 1.07.2017 മുതൽ 4.02.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. യു. ടി. സുരക്ഷിത | 5.02.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഉഷാര.പി.ആർ<br>ശ്രീ. എം. ജി. ഷനൂപ് | 1.04.2017 മുതൽ 26.10.2017 വരെ<br>27.10.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. നായർ ശ്രീഗീത<br>ശ്രീ. സി. ജി. മാത്യു<br>ശ്രീമതി. പ്രിൻസി | 1.04.2017 മുതൽ 10.07.2017 വരെ<br>11.07.2017 മുതൽ 25.10.2017 വരെ<br>26.10.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. കെ. എസ്. അപർണ | 1.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. മിനി.കെ.സി<br>ശ്രീമതി. നൂർജഹാൻ | 1.04.2017 മുതൽ 28.03.2018 വരെ<br>29.03.2018 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. കെ. കെ. മോഹനൻ<br>ശ്രീ. കെ. കെ. രാമകൃഷ്ണൻ | 1.04.2017 മുതൽ 18.08.2017 വരെ<br>18.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്..സി | ഡോ. പി. സി. അനിൽകുമാർ | 1.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ഷാഹിദ. ടി. പി | 1.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. എം. റീന | 1.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. | ശ്രീമതി. ബിന്ദു സി.വി<br>ശ്രീമതി. പി. ടി. സുലേഖ | 1.04.2017 മുതൽ 31.03.2018 വരെ<br>1.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സി. ലാവണ്യ | 1.04.2017 മുതൽ 31.03.2018 വരെ |
| ഫിഷറീസ് ഓഫീസർ | ശ്രീമതി. പി. എസ്. സംഗീത<br>ശ്രീ. ടോണി ജോസഫ് | 1.04.2017 മുതൽ 14.09.2017 വരെ<br>15.9.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം-1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | തൊഴിൽ നികുതി - അപാകതകൾ | 2-1 |
| 15 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ- കുറവ് വന്ന തുക ഈടാക്കേണ്ടതാണ് | 2-2 |
| 16 | ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് | 2-3 |
| 17 | പെർമിറ്റ് റഗുലറൈസ് ചെയ്യാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു | 2-4 |
| | ഭാഗം-3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 18 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു | 3-1 |
| 19 | സഫലമീയാത്ര വയോജനങ്ങൾക്കുള്ള പാർക്ക് പദ്ധതി ലക്ഷ്യം കൈവലിച്ചില്ല. | 3-2 |
| 20 | പൊതു മരാമത്ത് പ്രവർത്തികൾ സമയബന്ധതമായി പ്രവർത്തി പൂർത്തീകരിയ്ക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ട് നഷ്ടമാകുന്നു. | 3-3 |
| 21 | പൊതു മരാമത്ത് പ്രവർത്തി ബില്ലിൽ നിന്ന് ഓവർ ഹെഡ് ചാർജ് ഈടാക്കുന്നത് സംമ്പന്ധിച്ച് | 3-4 |
| 22 | റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു | 3-5 |
| 23 | ശമ്പളപരിഷ്ക്കരണകുടിശ്ശികക്കനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 3-6 |
| 24 | കാർഷിക മേഖലയിലെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല | 3-7 |
| 25 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല- | 3-8 |
| 26 | ശുചിത്വയജ്ഞം - മുന്നൊരുക്കപ്രവർത്തികൾ -അപാകതകൾ | 3-9 |
| 27 | കാർഷിക കർമ സേന സേവന ങ്ങൾക്ക് സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല | 3-10 |
| 28 | വിദ്യാർത്ഥികൾക്ക് തൈക്കോണ്ട പരിശീലനം- അപാകതകൾ | 3-11 |
| 29 | വാട്ടർ ടാങ്ക് വിതരണം - 34500 അധികം ചെലവഴിച്ചു | 3-12 |
| 30 | എസ്.സി യുവതികൾക്ക് വിവാഹ ധനസഹായം- അപാകതകൾ | 3-13 |
| 31 | സ്വയം തൊഴിലിന് ഓട്ടോറിക്ഷ - അർഹതയില്ലാത്തയാൾക്ക് സബ്സിഡി അനുവദിച്ചു | 3-14 |
| 32 | മാർഗ്ഗ രേഖ വ്യവസ്ഥകൾ പാലിക്കാതെ ലാപ്പ്ടോപ്പ് നൽകി | 3-15 |
| 33 | സ്പോർട്സ് രംഗത്തെ സമഗ്ര പ്രവർത്തനം - പദ്ധതിയിലെ അപാകതകൾ | 3-16 |
| | ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 41 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം | 4-11 |



## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.2017 തീയതിയിലെ 45 / 2017 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 31.05.2018 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.06.2018, 30.6.2018 | കെ.എസ്.എ.കെ.കെ.ഡി.ഇ.2./1111/2018 (72) തീയതി 28.7.2018 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 63,29,832 |
| വരവ് | 7,61,58,092 |
| ആകെ | 8,24,87,924 |
| ചെലവ് | 7,81,19,862 |
| നീക്കിയിരിപ്പ് | 43,68,062 |

### 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 18772000 | 18772000 | 15696553 | 3075447 |
| വികസനഫണ്ട് എസ്.സി.പി. | - | 6186220 | 6186220 | 5763880 | 422340 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 13968000 | 13968000 | 8151007 | 5816993 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 4231000 | 4231000 | 2961657 | 1269343 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 8816773 | 8816773 | 1904235 | 6912538 |
| കെ.എൽ.ജി.എസി.ജി.ഡി.പി | - | - | - | - | - |

| | | | | | |
|---|---|---|---|---|---|
| MNREGS | 3391 | 7365521 | 7368912 | 7365521 | 3391 |
| ബി. ഫണ്ട് | - | 47310140 | 47310140 | 47310140 | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 98616517 | 164 | 51143525 | 42 | 28 | 70 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| MNREGS – തൊഴിലാളികളുടെ കൂലി | - | 730751 | 730751 | 730751 | - |
| MNREGS – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3391 | 6634770 | 6638161 | 6634770 | 3391 |
| ആകെ | 3391 | 7365521 | 7368912 | 7365521 | 3391 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 38400 | 80 |
| കർഷക തൊഴിലാളി പെൻഷൻ | 3331300 | 290 |
| വിധവാ പെൻഷൻ | 16305000 | 1363 |
| വാർദ്ധക്യകാല പെൻഷൻ | 36140700 | 2569 |
| വികലാംഗ പെൻഷൻ | 4581600 | 380 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2700100 | 230 |
| വിവാഹ ധനസഹായം | 510000 | 17 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.03.2019 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 69,227/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വ്യക്തമായ ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഓഫീസ് പ്രവർത്തനങ്ങളിൽ കൃത്യമായ നിയന്ത്രണം സാധ്യമാകുന്നില്ല.

രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. താഴെപ്പറയുന്ന രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (എംപ്ലോയീസ് & ട്രേഡേഴ്സ്), ആസ്തി രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.04.2018 | മാർച്ച് 2018 | PAU /2 AR /KDY/17 തീയതി 5.5.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2003 മുതൽ 15.03.2003 വരെ | 1997 മുതൽ 2002 വരെ | SPL.CELL. (HQ) IV/8A 418 /906 27.6.2003 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

കടലുണ്ടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ച് ഈ ഓഫീസിലെ കെ. എസ്.എ.കെ.കെ.ഡി.ഇ2./1111/2018 (72) തീയതി 28.07.2018 പ്രകാരം സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ സാക്ഷ്യപത്രത്തിൽ പരാമർശിച്ച താഴെപ്പറയുന്ന അപാകതകൾ പരിഹരിക്കാതെ അവശേഷിക്കുന്നു.

1. വസ്തു നികുതി കുടിശ്ശിക സഞ്ചയ (ഡി.സി.ബി. അബ്സ്ട്രാക്ട്) പ്രകാരമുള്ള കളക്ഷൻ തുകയും 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി.15 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക

2017-18 ലെ സഞ്ചയ (ഡി.സി.ബി. അബ്സ്ട്രാക്ട് പ്രകാരം) 520705/- രൂപയും 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി.15 പ്രകാരം 1939844/- രൂപയുമാണ്. 1419139/- രൂപയുടെ വ്യത്യാസം കാണുന്നുണ്ട്.

നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക

2017-18 ലെ സഞ്ചയ (ഡി.സി.ബി. അബ്സ്ട്രാക്ട്) പ്രകാരം 873172/- രൂപയാണ്. എന്നാൽ 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി. 15 പ്രകാരം കുടിശ്ശിക ഇല്ല.

2. കെട്ടിടങ്ങളുടെ വാടക കുടിശ്ശിക 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി. 15 പ്രകാരം 58784/- രൂപയാണ്. 2017-18 ലെ രജിസ്റ്ററിലെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം കുടിശ്ശിക കാണിച്ചിട്ടില്ല.

തൻവർഷത്തെ ആർ.പി. 43 പ്രകാരം 10356/- രൂപയാണ് ഈ ഇനത്തിലുള്ള വരവ്. എന്നാൽ വാർഡ് തലത്തിലുള്ള കളക്ഷൻ സ്റ്റേറ്റ്മെന്റിൽ 28.04.2017ന് ഈയിനത്തിൽ 13956/- രൂപ വരവ് വന്നതായി കാണുന്നു. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. ഡി.&ഒ. ഡിമാന്റ് രജിസ്റ്റർ പ്രകാരം 2017-18 വർഷത്തെ വരവ് 117400/- ആണ്. എന്നാൽ ആർ.പി. 43 പ്രകാരം ഇത് 141250/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (എംപ്ലോയീസ് & ട്രേഡേഴ്സ്) എഴുതി സൂക്ഷിച്ചിട്ടില്ല.

5. ആസ്തി രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

6. ഡെപ്പോസിറ്റ് വർക്കിനായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുക 'Advance to implementing agencies' എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

7. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ (1-17(a)) ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

8. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ താഴെപ്പറയുന്ന ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ ബാലൻസ് ഷീറ്റിലെ ബി.9 'Liability in respect of stale cheques" എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

9. വിധവാ പെൻഷൻ ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|
| ടി.എസ്.ബി. അക്കൗണ്ട് നമ്പർ 14/3 | | |
| 1 | 1508436/10.03.2017 | 2763/- |
| 2 | 1508439/10.03.2017 | 1746/- |
| 3 | 1508432/10.03.2017 | 2830/- |
| 4 | 1508480/22.07.2017 | 4500/- |
| 5 | 9300343/06.11.2017 | 95750/- |
| കടലുണ്ടി സർവ്വീസ് സഹകരണ ബാങ്ക്, അക്കൗണ്ട് നമ്പർ 409 | | |
| 6 | 96555/02.06.2017 | 500/- |
| ആകെ | | 108089/- |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകതകൾ

2017-18 ൽ പഞ്ചായത്തിന്റെ തൊഴിൽ നികുതി വരവ് സംബന്ധിച്ച രേഖകൾ (ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ) പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

2017-18 സാമ്പത്തിക വർഷ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല.

ഉദാ: ഇൻഡ്യൻ റെയിൽവെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല.

ട്രേഡേഴ്സിന്റെ തൊഴിൽ നികുതി അടവാക്കിയത് തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) തൊഴിൽ നികുതി- പൂർണ്ണമായും ഈടാക്കിയില്ല.

1)മുഴവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴവൻ സ്ഥാപനങ്ങളിലെയും ഉടമസ്ഥർക്ക് പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ വേതനം രേഖപ്പെടുത്തിയുള്ള തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയതായി കാണുന്നില്ല.

ഉദാ:-മിസ്ബാഹ് വിമൻസ് കോളേജ്.

രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ ഒരു അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു.

ഉദാ: പ്രിയ പോളിമേഴ്സ് (രണ്ടാം അർദ്ധ വർഷം)

ഹിന്ദുസ്ഥാൻ പോളിമെഴ്സ് (രണ്ടാം അർദ്ധ വർഷം)

2. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴവൻ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായോ ഈടാക്കിയതായോ കാണുന്നില്ല. അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ ഫിനാൻസ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഉദാ : മുത്തൂറ്റ് ഫിൻകോർപ്പ്, ക്രസന്റ് പബ്ലിക് സ്കൂൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുക്കുന്നു എന്നുറപ്പ വരുത്തേണ്ട ഉത്തരവാദിത്തം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് ബജറ്റ് ചർച്ചകളിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/17-18 തിയ്യതി 28.3.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ചും ഈടാക്കാനവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കിയും വിവരം അറിയിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ- കുറവ് വന്ന തുക ഈടാക്കേണ്ടതാണ്

കടലുണ്ടി ഗ്രാമ പഞ്ചായത്ത് 2017-18 വർഷം പുതുതായി നമ്പർ അനുവദിച്ച വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ ഫയലുകളുടെ പരിശോധനയിൽ വസ്തു നികുതി കണക്കാക്കിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നല്കേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഒരൊറ്റ ഉപയോഗക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നല്കി വെവ്വേറെ കെട്ടിടങ്ങളായി

കണക്കാക്കിയാണ് ഗ്രാമപഞ്ചായത്ത് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ.

100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളിലെ മുറികൾ വിഭജിച്ച് പ്രത്യേകം നമ്പർ നല്കുമ്പോൾ പഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തു നികുതി നിരക്കായ 70/- രൂപയ്ക്ക് പകരം 100 ച. മീ ന് താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് നൽകുന്ന കുറഞ്ഞ നിരക്കായ 50/- രൂപ കണക്കാക്കി നികുതി നിർണ്ണയിക്കുന്നു.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമ | നികുതി കണക്കാക്കിയ സൂചകങ്ങൾ | യഥാർത്ഥ സൂചകങ്ങൾ പ്രകാരമുള്ള യഥാർത്ഥ നികുതി | കുറവ് വന്ന നികുതി |
|---|---|---|---|---|
| 14/401 A | ശ്രീനിവാസൻ അമ്പാളി | വിസ്തൃതി -46.55<br>നിരക്ക് -50<br>അടിസ്ഥാന നികുതി-2327.5<br>വഴി 20%വർദ്ധന –465.5<br>നികുതി -2793<br>സെസ്സ് -140<br>ആകെ നികുതി-2933 | വിസ്തൃതി -46.55<br>നിരക്ക് -70<br>അടിസ്ഥാന നികുതി-3258.5<br>വഴി 20%വർദ്ധന- 651.7<br>നികുതി -3910<br>സെസ്സ് -196<br>ആകെ നികുതി-4106 | 1173 |
| 14/401 B | | വിസ്തൃതി -65<br>നിരക്ക് -50<br>അടിസ്ഥാന നികുതി-3250<br>വഴി 20%വർദ്ധന –650<br>നികുതി -3900<br>സെസ്സ് -195<br>ആകെ നികുതി-4095 | വിസ്തൃതി -65<br>നിരക്ക് -70<br>അടിസ്ഥാന നികുതി-4550<br>വഴി 20%വർദ്ധന-910<br>നികുതി -5460<br>സെസ്സ് -273<br>ആകെ നികുതി-5733 | 1638 |
| 14/401 C | | വിസ്തൃതി -55.27<br>നിരക്ക് -50<br>അടിസ്ഥാന നികുതി-2763.5<br>വഴി 20%വർദ്ധന –552.7<br>നികുതി -3317<br>സെസ്സ് -166<br>ആകെ നികുതി-3483 | വിസ്തൃതി -55.27<br>നിരക്ക് -70<br>അടിസ്ഥാന നികുതി-3868.9<br>വഴി 20%വർദ്ധന-773.78<br>നികുതി -4643<br>സെസ്സ് -232<br>ആകെ നികുതി-4875 | 1392 |
| 14/401 D | | വിസ്തൃതി -15.48<br>നിരക്ക് -50<br>അടിസ്ഥാന നികുതി-774<br>വഴി 20%വർദ്ധന –154.8<br>നികുതി -929 | വിസ്തൃതി -15.48<br>നിരക്ക് -70<br>അടിസ്ഥാന നികുതി-1083.6<br>വഴി 20%വർദ്ധന-216.72<br>നികുതി -1300 | 389 |

| | | | | |
|---|---|---|---|---|
| | | സെസ്സ് -47<br>ആകെ നികുതി-976 | സെസ്സ് -65<br>ആകെ നികുതി-1365 | |

ഇത്തരത്തിൽ നികുതി തെറ്റായി കണക്കാക്കിയത് മൂലം പഞ്ചായത്തിന് 2017-18 വർഷവും തുടർന്നുള്ള വർഷങ്ങളിലും വരുമാനത്തിൽ കുറവ് വരാനിടയാക്കുന്നു.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/17-18 തിയ്യതി 28.3.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പുന:പരിശോധിച്ച് അർഹമായ നികുതി കണക്കാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനൊ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1)ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്.

വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു.

| | |
|---|---|
| 100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | 2813 |
| 100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 417 |
| 200 ച മി മുകളിൽ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | 7 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 30 |
| ഇതര വ്യവസായത്തിനുള്ളത് | 53 |
| ആകെ | 3320 |

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 3320 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ വേക്കൻസി റമിഷന് ആരും അറിയിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ 417പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. മേൽ വിവരങ്ങളിൽ നിന്നും ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ധാരാളം കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ് .ഇക്കാര്യം പഞ്ചായത്ത് ഇതു വരെയും പരിശോധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിലുപരി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരംക്ഷണം നൽകേണ്ട ഗ്രാമ പഞ്ചായത്ത് മേൽ കർത്തവ്യം നിറവേറ്റുന്നതിൽ വീഴ്ച വരുത്തി എന്ന് വിലയിരുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/17-18 തിയ്യതി 28.3.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-4 പെർമിറ്റ് റഗുലറൈസ് ചെയ്യാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു

ഗ്രാമ പഞ്ചായത്തിലെ 21 ാം വാർഡിൽ ശ്രീ. സബീലു റഹ്മാൻ എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിന് BL No.238/14-15 dated 11.11.14 പ്രകാരം പെർമിറ്റ് നൽകിയതിൽ ആകെ പ്ലിന്ത് വിസ്തീർണ്ണം 533.60 m2 ൽ ഗ്രൗണ്ട് ഫ്ലോറിന്റെത് 254.75 m2, ഒന്നാം നില 278.85 m2 ഉം ആണ്. പ്രോജക്ട് പൂർത്തീകരിച്ചതു പ്രകാരം ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് വിസ്തീർണ്ണം 242.08 m2, ഒന്നാം നില 297.69 m2, സ്റ്റെയർ 25.03 m2 എന്നിങ്ങനെ ആകെ 565.41 m2 ആണ്.

അനുവദിച്ച പെർമിറ്റിൽ നിന്നും അധികരിച്ച് നടത്തിയ നിർമ്മാണം റഗുലറൈസ് ചെയ്യാതെയാണ് കെട്ടിടത്തിന് നമ്പർ നൽകിയതും വസ്തു നികുതി നിർണ്ണയിച്ചതും പെർമിറ്റിൽ നിന്നും അധികരിച്ചുള്ള നിർമ്മാണത്തിന് ആനുപാതികമായി ക്രമവൽക്കരണ ഫീസ് കണക്കാക്കി ഈടാക്കേണ്ടതാണ്.

മേൽ കെട്ടിടത്തിലെ ഒന്നാം നിലയിലെ 21/79K, 21/79L എന്നീ മുറികൾക്ക് പാർപ്പിട ഉപയോഗ ക്രമത്തിനുള്ള 4 രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഇത് ഹോം സ്റ്റേ / ഡോർമിറ്ററി വിഭാഗത്തിൽപ്പെടുന്നവയായിട്ടാണ് പ്ലാനിൽ നിന്നും വ്യക്തമാകുന്നത്. ഇത് പരിശോധിച്ച് പ്രസ്തുത ഉപയോഗ ക്രമത്തിനനുസൃതമായ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതാണ്. വിജ്ഞാപന പ്രകാരം ഡോർമെറ്ററി (ലോഡ്ജ്) കെട്ടിടത്തിന് 30/- രൂപയും സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് 60/- രൂപയുമാണ്.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/17-18 തിയ്യതി 28.3.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തെ പ്രൊജക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ള്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് അനുവദിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയിക്കേണ്ടിയിരുന്നതിന് പകരം 42.16% പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2017-18 ൽ ടെണ്ടർ ചെയ്ത് കരാർ വച്ച പ്രവർത്തികളിലും ഇത്തരത്തിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നതാണ് കരാറുകാർക്ക് അധിക തുക നൽകാൻ ഇടയാക്കിയത്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തി സാങ്കേതികാനുമതി വാങ്ങണമായിരുന്നു. താഴെ പറയുന്ന എല്ലാ പ്രവൃത്തികൾക്കും കരാർ വച്ചത് പുതുക്കിയ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നിലവിൽ വന്ന ശേഷമാണ് ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി, കരാർ | ആകെ ചെലവ് | ബിൽ നം തീയതി | 4.91% നിരക്കിൽ അധികച്ചെലവ് |
|---|---|---|---|---|
| 1 | 6/18 കുട്ടുങ്ങൽ തൈക്കുട്ടിത്തിൽ കാവ് റോഡ് ടാറിങ് AE/KDY/48/17-18/17-01-18 | 292714/- | 46/26.3.18 | 10110 |
| 2 | 130/18 ഇടച്ചിറ കാരകളി റോഡ് ,AE/KDY/51/17-18 /17-01-18 | 291617/- | 56/26-03-18 | 10072 |
| 3 | 125/18 കപ്പലങ്ങാടി കടുക്ക ബസാർ റോഡ് AE/KDY /50/17-18/17-01-18 | 399600/- | 55/26.3.18 | 13802 |
| 4 | 122/18 ചാലിയം ലൈറ്റ് ഹൗസ് റോഡ് മെയിന്റനൻസ് AE/KDY/52/17-18/17-01-18 | 360225/- | 54/26.03.18 | 12442 |
| 5 | 11/18 പുളിക്കൽ റോഡ് AE/KDY/12/17-18/11-12-17 | 459249/- | 62/29.3.18 | 15862 |
| 6 | 38/18 മണ്ണൂർ നോർത്ത് എ.എൽ.പി.സ്കൂൾ ഡ്രെയിനേജ് AE/KDY/36/17-18/26-12-17 | 393033/- | 58/29.3.18 | 13575 |
| 7 | 70/18 ടി.എം.എച്ച് കൈത വളപ്പ് ഡ്രെയ്നേജ് AE/KDY /5/17-18/11-12-17 | 179804/- | 63/29.3.18 | 6210 |

| | | | | |
|---|---|---|---|---|
| 8 | 146/18 കടലുണ്ടി എ.എം.എൽ.പി സ്കൂൾ ചെമ്പൈത്തോട് സൈഡ് കെട്ടൽAE/KDY/43/17-18/10-01-18 | 149850/- | 59/28.03.18 | 5176 |
| 9 | 239/18 നടുക്കണ്ടി ശുദ്ധ ജല പദ്ധതി ഷീറ്റിടൽ AE/KDY /44/17-18/10-01-18 | 109267/- | 61/29.3.18 | 3774 |
| 10 | 108/18 കൃഷി ഓഫീസ് പെയ്ന്റിങ്ങ് AE/KDY/33/17-18 /26-12-17 | 49750/- | 42/16.3.18 | 1718 |
| 11 | 63/18 കളിയാളൻ റോഡ് AE/KDY/25/17-18/15-12-17 | 170000/- | 42/16.3.18 | 5872 |
| 12 | 74/18 പഞ്ചായത്തോഫീസ് വളാഞ്ചേരി റോഡ് AE/KDY /30/17-18/18-12-17 | 347085/- | 44/22.3.18 | 11988 |
| 13 | 65/18 കുളത്തും പടി ഫുഡ് പാത്ത് AE/KDY/10/17-18 /11-12-17 | 191686/- | 45/26.3.18 | 6621 |
| 14 | 57/18 താഴെ മുള്ളമ്പലം കത്രായിൽ താഴെ റോഡ് AE/KDY/18/17-18/13-12-17 | 446539/- | 43/22.3.18 | 15423 |
| 15 | 54/18 സ്റ്റേഡിയം മണ്ടകത്തിങ്ങൽ റോഡ് AE/KDY /01/17-18/07-12-17 | 196202/- | 51/26.3.18 | 6777 |
| 16 | 51/18 പൂച്ചരിക്കുന്ന് കുറ്റിക്കാട്ടിൽ റോഡ് AE/KDY /08/17-18/11-12-17 | 350000/- | 50/26.3.18 | 12088 |
| 17 | 50/18 അരുമനക്കണ്ടി റോഡ് AE/KDY/23/17-18 /15-12-17 | 367362/- | 49/26.3.18 | 12688 |
| 18 | 47/18 പൂഴിക്കുന്നത്ത് റോഡ് AE/KDY/23/17-18 /15-12-17 | 441542/- | 48/26.3.18 | 15250 |
| 19 | 45/18 സൂപ്പിത്തൊടിറോഡ് AE/KDY/47/17-18 /17-01-18 | 266004/- | 47/26.3.18 | 9187 |
| 20 | 75/18 ചന്ദ്രശേഖരൻ വൈദ്യർ റോഡ് AE/KDY/07/17-18 /11-12-17 | 345382/- | 52/26.3.18 | 11929 |
| 21 | 46/18 ചക്ക വളപ്പ് റോഡ് AE/KDY/26/17-18/15-12-17 | 399409/- | 26/24.2.18 | 13795 |
| 22 | 47/18 ആലംമ്പറ്റി കോട്ടുരുത്തിപ്പാടം റോഡ് AE/KDY/17/17-18 /13-12-17 | 317425/- | 34/16.3.18 | 10963 |
| 23 | 4/18 നച്ചത്തൊടി താഴഞ്ചേരി റോഡ് AE/KDY/04/17-18 /07-12-17 | 190762/- | 32/22.2.18 | 6589 |
| 24 | 126/18 ഗുരു പുരം ഗോദാർ റോഡ് AE/KDY/21/17-18 /14-12-17 | 144961/- | 37/16.3.18 | 5007 |
| 25 | 144/18 മണ്ണൂർ പിടിപ്പുഴി ക്ഷേത്രം റോഡ് AE/KDY/ 03/17-18/07-12-17 | 296578/- | 31/23.2.18 | 10243 |
| 26 | 43/18 ഉദയ അങ്കൺ വായി സുൽത്താൻ പള്ളി ഫുഡ്പാത്ത്AE/KDY/27/17-18/15-12-17 | 147487/- | 30/24.2.18 | 5094 |
| 27 | 64/18 അഞ്ചുടിക്കൽ റോഡ് AE/KDY/09/17-18 /11-12-17 | 372050/- | 29/24.2.18 | 12850 |
| 28 | 03/18 ആലുമ്പറ്റ കോട്ടുമുള്ളിത്തറ റോഡ് AE/KDY /02/17-18/7-12-17 | 306784/- | 28/24.2.18 | 10596 |
| 29 | 44/18 കൈരളി ശാലിയാത്തി വായന ശാല ഫുഡ് പാത്ത് AE/KDY/28/17-18/15-12-17 | 146244/- | 27/24.2.18 | 5051 |

| | | | | |
|---|---|---|---|---|
| 30 | 60/18 തോക്കേ മരക്കാട്ടിൽ വല്ലാപ്പുന്നി കണക്റ്റിങ്ങ് റോഡ് AE/KDY/15/17-18/13-12-17 | 300000/- | 35/16-03-18 | 10362 |
| 31 | 61/18 അഞ്ചുടിക്കൽ റോഡ് AE/KDY/19/17-18 /14-12-17 | 398991/- | 36/16.3.18 | 13781 |
| 32 | 140/18 ഒറ്റത്തെങ്ങ് കോതേരി റോഡ് AE/KDY /32/17-18/18-12-17 | 313762/- | 38/16.3.18 | 10837 |
| 33 | 127/18 അടിവാരം അന്നങ്ങോട്ട് റോഡ് AE/KDY /16/17-18/13-12-17 | 295665/- | 39/16.3.18 | 10212 |
| ആകെ | | | | 325944 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 325944 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. അധിക ചെലവ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 സഫലമീയാത്ര വയോജനങ്ങൾക്കുള്ള പാർക്ക് പദ്ധതി ലക്ഷ്യം കൈവലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ – എസ്.ഒ 222/18(സ്പിൽ ഓവർ)

ചെലവ് തുക – 148776 /- വികസന ഫണ്ട്

ബിൽ നമ്പർ – 20/17-18/05.10.2017

കരാറുകാരൻ – ശ്രീ. ഹസൻ കോയ

കരാർ നമ്പർ – AE/kdy/38/2016-17/12.01.2017

പഞ്ചായത്തിൽ 8ാം വാർഡിൽ സഫലമീയാത്ര എന്ന പേരിൽ പുഴയോട് ചേർന്നുള്ള ഭാഗത്ത് വയോജനങ്ങൾക്കുള്ള പാർക്ക് സ്ഥാപിക്കുന്നതിന് 2016-17 വർഷത്തിൽ ആരംഭിച്ചിട്ടുള്ള പദ്ധതി നാളിതുവരെ പൂർത്തിയാക്കി ലക്ഷ്യം കൈവരിച്ചിട്ടില്ല. പാർട്ട് ബില്ലായി കരാറുകാരന് 2016-17 ൽ 201392/- രൂപയും 2017-18 വർഷത്തിൽ 148776/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കരാർ പ്രകാരം 4 മാസം കൊണ്ട് അതായത് 11-05-2017 ൽ പ്രവർത്തി പൂർത്തിയാകേണ്ടതായിരുന്നു. പ്രവർത്തി പൂർത്തിയാകാത്തതിന് കരാറുകാരനെതിരെ നടപടികൾ സ്വീകരിക്കുകയോ മതിയായ കാരണം കാണിക്കുന്ന രേഖയോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരൻ പ്രവർത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ നൽകിയതായും കാണുന്നില്ല. വയോജന പാർക്ക് ഉപയോഗയോഗ്യമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കരാറുകാരനെതിരെ എഗ്രിമെന്റ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും കരാറുകാരന്റെ നഷ്ടോത്തരവാദിത്തതിന് പ്രവൃത്തി മറ്റൊരു കരാറുകാരനെ ചുമതലപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-3 പൊതു മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ട് നഷ്ടമാകുന്നു

പഞ്ചായത്ത് 2016-17 വർഷത്തിൽ നടപ്പിലാക്കാനായി അംഗീകാരം വാങ്ങിയിട്ടുള്ള പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ 2016-17 വർഷത്തെ അടങ്കൽ തുകയിൽ നിന്നും ചെലവഴിക്കാനോ ബിൽ തുക നൽകാനോ കഴിയുന്നില്ല. ഇതുകാരണം 2016-17 ൽ ഇതിനായി അടങ്കലിലുൾപ്പെടുത്തിയ ഫണ്ട് ചെലവഴിയ്ക്കാതെ പാഴായി പോയ അവസ്ഥ ഉണ്ടായി. മാത്രമല്ല 2017-18 മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് ബിൽ തുക നൽകിയതിനാൽ 2017-18 വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന പല പ്രവർത്തികളും മതിയായ ഫണ്ടില്ലാത്തതിനാൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. ആകെ 135 പൊതുമരാമത്ത് പദ്ധതികൾ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതിൽ 50 എണ്ണം സ്പിൽ ഓവർ പ്രവർത്തികളാണ്. ഇതിൽ 5 സ്പിൽ ഓവർ പ്രവർത്തികൾ 2017-18 വർഷത്തിലും പൂർത്തിയാക്കിയിട്ടില്ല. ജി.ഒ.(എം.എസ്) നമ്പർ 72/17 തി. 29.3.17 ഖണ്ഡിക6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. 5 സ്പിൽ ഓവർ പ്രവർത്തികൾക്ക് തുക ചെലവഴിക്കപ്പെടാത്തതിനാൽ തുടർ സാമ്പത്തിക വർഷത്തിൽ ഈ പ്രൊജക്ടുകൾക്കായി തുക വകയിരുത്താൻ കഴിയാത്ത അവസ്ഥയിലാണുള്ളത്. പദ്ധതികൾ സമയബന്ധിതമായി ആസൂത്രണം ചെയ്യുന്നതും മോണിറ്ററിംഗ് നടത്തുന്നതിലുമുണ്ടായ

അപാകതയുമാണ് ഇതിന്റെ കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സ്പിൽ ഓവർ പ്രവർത്തികൾക്കായി ഓഡിറ്റ് വർഷം ചെലവഴിച്ച 65,33,141 രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സ്പിൽ ഓവർ പ്രവർത്തികൾക്ക് ചെലവഴിച്ച തുക |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 32,27,644 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 2,80,673 |
| വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് | 9,46,625 |
| ലോകബാങ്ക് സഹായം | 14,87,180 |
| വികസന ഫണ്ട് എസ്.സി.പി | 4,02,276 |
| വികസന ഫണ്ട് ജനറൽ | 1,88,743 |
| | 65,33,141 |

2016-17 വർഷത്തിൽ അംഗീകാരം വാങ്ങിയ പ്രവൃത്തികൾ, ടി വർഷത്തിൽ പൂർത്തീകരിക്കാത്തതിൽ 2016-17 വർഷത്തിൽ മുകളിൽ ചേർത്ത പ്രകാരം 6533141/- രൂപ ഗ്രാമ പഞ്ചായത്തിന് നഷ്ടമാവുകയും 2017-18 വർഷത്തിൽ മേൽ ചെലവുകൾ അനുവദിക്കേണ്ടി വന്നതിനാൽ 2017-18 വർഷത്തിൽ പുതിയ പദ്ധതി മുഖേന വികസന ആവശ്യങ്ങൾക്കായി ചെലവഴിക്കേണ്ട അത്രയും തുക 2017-18 വർഷ സർക്കാർ ഗ്രാന്റിൽ നിന്നും ഗ്രാമ പഞ്ചായത്തിന് നഷ്ടമായി. തൻ വർഷത്തിൽ മറ്റ് നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ട് നിർവഹണം കാര്യക്ഷമമായിരുന്നിട്ടും മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടാത്തതിനാൽ സർക്കാരിൽ നിന്നും വിവിധ ഫണ്ടിനങ്ങളിൽ ലഭിച്ച നല്ലൊരു ശതമാനം തുക സർക്കാരിലേക്ക് തന്നെ തിരികെ പോയിരിക്കയാണ്. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് ഇനങ്ങളിലായി സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാതിരുന്നത് ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ വന്ന വീഴ്ചയാണ്.

| ഫണ്ട് | വകയിരു ത്തിയ തുക | ചെലവ് | ചെലവ് ശതമാനം | നഷ്ടമായ തുക |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1,84,86,861 | 81,51,007 | 44 | 1,03,35,854 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 30,32,119 | 3,30,423 | 11 | 27,01,696 |
| വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് | 1,09,93,796 | 63,44,418 | 58 | 46,49,378 |
| വികസന ഫണ്ട് എസ്.സി.പി | 11,39,305 | 7,01,219 | 61 | 4,38,009 |
| വികസന ഫണ്ട് ജനറൽ | 41,64,239 | 7,69,215 | 18 | 33,95,025 |
| ആകെ | | | | 2,15,19,962 |

2017-18 വർഷത്തിൽ വകയിരുത്തിയ തുക ചെലവഴിക്കപ്പെടാത്തതിനാൽ 2,15,19,962 രൂപ മേൽ ഇനങ്ങളിലായി സാമ്പത്തിക വർഷത്തിൽ സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്.

31-03-2018 പൂർത്തിയാക്കാൻ കഴിയാത്ത പ്രവർത്തികളിൽ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടവ ,കരാറിൽ ഏർപ്പെട്ടവ എന്നിവയ്ക്ക് 2018-19 വർഷത്തെ ബജറ്റിൽ നിന്നല്ലാതെ അധിക വിഹിതം 2018-19 വർഷത്തിൽ ലഭിയ്ക്കുന്നതിന് പ്രവർത്തികളുടെ പട്ടിക തയ്യാറാക്കി പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ സഹായത്തോടെ ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ചാൽ 2018-19 വർഷത്തെ ബജറ്റ് വിഹിതം പൂർണമായി ഉപയോഗിച്ചു കഴിയുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിയ്ക്കുമെന്ന് തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ ഡി.എ.1/439/2018/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അറിയിച്ചിരുന്നു. ഇത്തരത്തിൽ ഫണ്ട് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 പൊതു മരാമത്ത് പ്രവർത്തി ബില്ലിൽ നിന്ന് ഓവർ ഹെഡ് ചാർജ് ഈടാക്കുന്നു

പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ജി.ഒ.(ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)2017-18 വർഷത്തിൽ 1-11-2017 ലെ ജി ഒ (പി) 87 / 2017/ത സ്വഭവ ഉത്തര വിലെ നിർ ദ്ദേശപ്രകാരം 1-7-2017 നു ശേഷമുള്ള പൊതുമരാമത്ത് പ്രവർത്തിക ളിൽ ബിൽ തുകയിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല. ടാക്സ് പ്രൊവിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ക്കാണ് 10% ഓവർ ഹെഡ് ചാർജ് ഡാറ്റയിൽപ്പെടുത്തുന്നത്. എന്നാൽ പ്രവർത്തി ബില്ലിൽ നിന്ന് 1% ആദായ നികുതിയും 1% തൊഴിലാളി ക്ഷേമനിധിയും മാത്രമേ ഈടാക്കുന്നുള്ളൂ. ആയതിനാൽ കരാറുകാരനിൽ നിന്ന് ജി.എസ്.ടി. ഈടാക്കാത്ത സാഹചര്യത്തിൽ ഓവർ ഹെഡ്ചാർജിലെ ഈയിനത്തിലെ ടാക്സ് പ്രൊവിഷൻ കരാറുകാരിൽ നിന്ന് തിരികെ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

2) MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്, സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്, വാച്ച് & വാർഡ് ഏർ പ്പെടുത്തുന്നതിനുള്ള ചെലവ്, നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയാണ്. ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ മേൽപറഞ്ഞവ അപ്രസക്തവുമായ ഘടകങ്ങൾക്ക് ആണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണ ത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത്. മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയതിന് വിശദമായ മറുപടി നൽകേണ്ടതാണ്.

## 3-5 റോഡ് കണക്റ്റിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു

ഗ്രാമപഞ്ചായത്ത് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്. 29-3 -2017 ലെജി.ഒ (എം.എസ്) 72/2017/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം പഞ്ചായത്ത് റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് പഞ്ചായത്ത് തൻ വർഷം

പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള റോഡ് പ്രവർത്തികളിൽ സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്റ്റിവിറ്റി മാപ്പില്ലാതെയും വ്യക്തമായ ചെയിനേജ് ഇല്ലാതെയും പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്ന തിനിടയാകുന്ന സാഹചര്യം ഉണ്ടാകുന്നതിനും പാഴ്ചെലവുണ്ടാകുന്നതിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്റ്റിവിറ്റിയില്ലാതെ സമഗ്ര പദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 ശമ്പളപരിഷ്കരണകുടിശ്ശികക്കനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം കടലുണ്ടി ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ ചുവടെ ചേർത്ത പ്രകാരം പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| വൗച്ചർനം/തിയ്യതി | തുക |
|---|---|
| 21700386/17-8-17 ഒന്നാംഗഡു | 105719/- |
| 21700387/17-8-.17 ഒന്നാംഗഡു | 187872/- |
| 21700503,04,05/15-9-17 ഒന്നാംഗഡു | 19542/-<br>30131/-<br>17562/- |
| 21700597/2-11-17 രണ്ടാംഗഡു | 88925/- |
| 21700598/2-11-17രണ്ടാംഗഡു. | 175288/- |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ വർദ്ധിപ്പിച്ച അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരമറിയിക്കേണ്ടതാണ്.

## 3-7 കാർഷിക മേഖലയിലെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ കൃഷിയിനങ്ങൾക്കായുള്ള വിത്ത്, തൈകൾ, വളം എന്നിവ വിതരണം ചെയ്യുന്നതിനായി 9 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയുടെ ഉന്നമനത്തിനായുള്ള ഈ പദ്ധതികളൊന്നും സമയബന്ധിതമായി നടപ്പിലാക്കിയിട്ടില്ല. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മാത്രമാണ് വിത്തുകളും തൈകളുമെല്ലാം വിതരണം ചെയ്തിട്ടുള്ളത്. ഇത് പദ്ധതി ലക്ഷ്യം കൈവരിയ്ക്കുന്നതിന് തടസ്സമായിട്ടുണ്ട്. 31-05-2017 ൽ തന്നെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് വളരെയധികം കാലതാമസമുണ്ടായിട്ടുണ്ട്. അതിന് ഒരു കാരണമായിട്ടുള്ളത് ഗുണഭോക്താക്കളുടെ ഗ്രാമ സഭാലിസ്റ്റ് ലഭിക്കുന്നതിലെ കാലതാമസമാണ്. ഗുണഭോക്തൃ ലിസ്റ്റ് ഭരണ സമിതി 02-09-2017 ലെ 1/17 നമ്പർ തീരുമാന പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല-

പ്രൊജക്ട്- പാലിയേറ്റിവ് കെയർ

പ്രൊജക്ട് നമ്പർ- 15 /17-18

അടങ്കൽ- 700000രൂപ

ചെലവ്- 699572രൂപ

ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി മേൽസൂചിപ്പിച്ച പ്രകാരമുള്ള ചെലവ് വന്നിട്ടുണ്ട്. ഇതിൽ ബിൽ നം 6/27-3-18 പ്രകാരം 50000 രൂപയുടെ മരുന്ന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയതാണ്. എന്നാൽ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-9 ശുചിത്വയജ്ഞം - മുന്നൊരുക്കപ്രവർത്തികൾ -അപാകതകൾ

പ്രൊജക്റ്റ് നമ്പർ - 269 /17-18

ബിൽ നം – 44/20-3-18,9660

-58/31-3-18,51920

-61/31-3-18,13910

ഗ്രാമപഞ്ചായത്തിൽ മേൽ പ്രോജക്ടിന്റെ ഭാഗമായി ഹരിതകർമ്മസേനയ്ക്ക് യൂനിഫോം, ബോധവൽക്കരണ നോട്ടീസ് എന്നിവയ്ക്ക് വേണ്ടി മേൽസൂചിപ്പിച്ച ബിൽ പ്രകാരമുള്ള ചെലവ് വന്നിട്ടുണ്ട്. ഇതിൽ ബിൽനം -44 പ്രകാരം ഹരിതകർമ്മ സേനയ്ക്ക് ആദർശ്യൂനിഫോം എന്ന സ്ഥാപനത്തിൽനിന്നും 20 കോട്ട് വാങ്ങിയിട്ടുണ്ട്. കൂടാതെ പ്രിന്റിങ് ചാർജ് ഇനത്തിൽ ജിത്ത് ഓഫ് സെറ്റ് എന്ന സ്ഥാപനത്തിന് ബിൽ നം. 58,61 എന്നിവ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പ്രിന്റിംഗിന് സ്ഥാപനത്തിനെ തെരെഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്വട്ടേഷൻ നോട്ടീസ് മാത്രമാണ് ഫയലിൽ കാണുന്നത്. ക്വട്ടേഷൻ പ്രകാരം ലഭിച്ച മുഴുവൻ സ്ഥാപനങ്ങളുടേയും നിരക്ക് ഉൾപ്പെടുത്തി കംപാരിറ്റേറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ നൽകിയത് മേൽസ്ഥാപനമാണോ എന്ന് വ്യക്തമല്ല. കൂടാതെ ജി.ഒ.(എം.എസ്.)നം 80/2017.L.S.G.D.3.4.17.ലെ 7(6) പ്രകാരം ഹരിതകർമ്മ സേനയ്ക്ക് യൂനിഫോം നൽകിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഹരിതകർമ്മ സേനയിലെ അംഗങ്ങളുടെ പേര് വിവരങ്ങൾ, യൂനിഫോം കൈപറ്റിയതിന്റെ വിശദാംശങ്ങൾ എന്നിവയും ഫയലിൽ ലഭ്യമല്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-10 കാർഷിക കർമ സേന സേവന ങ്ങൾക്ക് സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള എസ്.ഒ.184/18, കാർഷിക കർമ്മസേന സേവനങ്ങൾക്ക് സബ്സിഡി എന്ന പദ്ധതിയിൽ ജി.ഒ.(എം.എസ്) നമ്പർ 72/17 തി. 29.3.17 ഖണ്ഡിക 8-1-12 പ്രകാരമുള്ള മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചില ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. (ബിൽ നമ്പർ 13/17-18/23-03-2018/ചെലവ് -50000/-) മേൽ ഉത്തരവ് പ്രകാരം കൃഷി ഭവന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മസേനയിലെ കർഷകർക്ക് നിയന്ത്രിത നിരക്കുകളിൽ നൽകുന്ന സേവനങ്ങൾക്ക് സബ്സിഡി നൽകാവുന്നതാണ്. എന്നാൽ കൂലി സബ്സിഡി ലഭിക്കുന്നവർക്ക് ഇതിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്.ഒ.93/18 പുനർജ്ജനി നെൽകൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി എന്ന പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ചില കർഷകർക്ക് ഈ പദ്ധതിയിലും ആനുകൂല്യം നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചാർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ലഭിച്ച കൂലി ചെലവ് | ലഭിച്ച സബ്സിഡി തുക |
|---|---|---|
| ശ്രീ. എ.വി.ഗോപി | 9248 | 300 |
| ശ്രീ. ഹരികുമാർ.ടി | 8976 | 180 |
| ശ്രീ. ഉണ്ണി കൃഷ്ണൻ അഞ്ജനം | 5440 | 2306 |
| ശ്രീ. ശ്രീനിവാസൻ. എ | 5100 | 188 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകത ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അനർഹമായി വാങ്ങിയ സബ്സിഡി ഈടാക്കേണ്ടതുമാണ്.

## 3-11 വിദ്യാർത്ഥികൾക്ക് തൈക്കോണ്ട പരിശീലനം- അപാകതകൾ

പദ്ധതി: - വിദ്യാർത്ഥികൾക്ക് തൈക്കോണ്ട പരിശീലനം (171)
നിർവ്വഹണം:- ഹെഡ്മാസ്റ്റർ
അടങ്കൽ:- 25000 (തനത് ഫണ്ട് )
ചെലവ് :- 25000
ചെക്ക് നം :- 1508496 തിയ്യതി 17/8/17, 25000
ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ വിദ്യാർത്ഥികൾക്ക് തൈക്കോണ്ട പരിശീലനം നൽകൽ പദ്ധതിയിലെ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.
1. ടി പദ്ധതിക്ക് വേണ്ടി വകയിരുത്തിയ 25000 രൂപ ചെലവഴിക്കുന്നതിന് വേണ്ടി ട്രഷറിയിൽ നിന്നും 17-8-17ൽ പിൻവലിച്ച് എച്ച്. എം. ഇമ്പിച്ചി ഹാജി ഹൈസ്കൂൾ ഹെഡ്മാസ്റ്റർക്ക് നൽകുകയാണ് ഉണ്ടായത്. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഇത്തരം പദ്ധതികൾ നടപ്പിലാക്കാനുള്ള ചുമതല ജില്ലാ പഞ്ചായത്തിനാണ്.
2. കൈമാറിയ 25000 രൂപ ഏങ്ങനെ ചെലവഴിച്ചു എന്നത് സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന്റെ മുമ്പാകെ ഹാജരാക്കിയില്ല.
മേൽ രേഖകൾ ഹാജരാക്കാമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക് (13/28-O3/19) മറുപടി ലഭിച്ചില്ല. ഈയിനത്തിലുള്ള 25000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-12 വാട്ടർ ടാങ്ക് വിതരണം - 34500 അധികം ചെലവഴിച്ചു

പദ്ധതി: - പട്ടികജാതി കുടുംബങ്ങൾക്ക് PVC വാട്ടർ ടാങ്ക് വിതരണം (23)
നിർവ്വഹണം :- അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ:- 478800 (വികസന ഫണ്ട് 340000, ഗുണഭോക്തൃ വിഹിതം 138800 )
ചെലവ്: - 322000 (വികസനഫണ്ട് 276000, ഗുണഭോക്തൃ വിഹിതം 46000 )
ബിൽ നം. 16/17-18 തിയ്യതി 17/3/18 , 192500
20/17-18, തിയ്യതി 23/3/18 , 83500
ചെക്ക് നം. 108553, 23/3/18 , 46000.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി കുടുംബങ്ങൾക്ക് PVC വാട്ടർ ടാങ്ക് വിതരണം പദ്ധതിയിലെ രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകത താഴെ കൊടുക്കുന്നു.
3/4/2017 ലെ 80/2017 ത.സ്വ.ഭ.വ പ്രകാരമുള്ള മാർഗ്ഗരേഖ ഖണ്ഡിക 8.5 പ്രകാരം പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് PVC വാട്ടർടാങ്ക് ( 500 ലിറ്റർ) വാങ്ങി നൽകുന്നതിന് 75 % (പരമാവധി 3000 ) രൂപയാണ് സബ്സിഡി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കടലുണ്ടി പഞ്ചായത്തിൽ 92 ഗുണഭോക്താക്കൾക്ക് പി വി സി വാട്ടർ ടാങ്ക് വാങ്ങി നൽകിയത് ഒരെണ്ണത്തിന് 3500 രൂപ നിരക്കിലാണ്. 3000 രൂപ സബ്സിഡിയും, 500 രൂപ ഗുണഭോക്തൃ വിഹിതവും എന്ന കണക്കിലാണ് ചെലവഴിച്ചത്. മാർഗ്ഗരേഖ പ്രകാരം 3500 രൂപ വിലയുള്ള വാട്ടർ ടാങ്കിന്റെ 75 ശതമാനമായ 2625 രൂപ മാത്രമെ ധനസഹായമായി പഞ്ചായത്തിന് പരമാവധി നൽകാനാവൂ. ടി അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/27-3-19) മറുപടി ലഭിച്ചില്ല. ഈയിനത്തിൽ അധികം ചെലവഴിച്ച 34500 (375 x 92) രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ആയത് ഈടാക്കി സർക്കാരിലേയ്ക്ക് അയക്കേണ്ടതാണ്.

## 3-13 എസ്.സി യുവതികൾക്ക് വിവാഹ ധനസഹായം- അപാകതകൾ

പദ്ധതി :- എസ്.സി. യുവതികൾക്ക് വിവാഹ ധനസഹായം (22)
നിർവ്വഹണം :- അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ :- 1050000 (വികസന ഫണ്ട് )
ചെലവ്: - 1050000 (വികസനഫണ്ട്)
ബിൽ നം:- 10/17-18 , തിയ്യതി 28/2/18, 450000
15/17-18, തിയ്യതി 17/3/18, 300000
18/17-18, തിയ്യതി 23/3/18, 150000
23/17-18, തിയ്യതി 28/3/18,150000
അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ് സി യുവതികൾക്ക് വിവാഹ ധനസഹായം അനുവദിച്ച പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.
1.3/4/17 ലെ 80/2017 ത സ്വ ഭ വ മാർഗ്ഗരേഖ 11.5 പ്രകാരം പട്ടികജാതി പെൺ കുട്ടികളുടെ വിവാഹ ധനസഹായത്തിന് പട്ടികജാതി വകുപ്പിൽ അപേക്ഷിച്ചവർ തദ്ദേശ ഭരണ സ്ഥാപനത്തിൽ അപേക്ഷിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . എന്നാൽ പട്ടികജാതി വകുപ്പിൽ നിന്നും ടി ആനുകൂല്യം അനുവദിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രമില്ലാതെ അജയൻ KP, തങ്ക ഒ, ബിന്ദു, സുലോചന, രാധാമണി, ദേവൻ , തങ്ക വി, സുനിൽ കുമാർ എന്നീ രക്ഷിതാക്കൾക്ക് വിവാഹ ധനസഹായം അനുവദിച്ചിട്ടുള്ളത്.
2.ശ്രീ തങ്ക വി, ശ്രീ സുനിൽ കുമാർ എന്നിവരുടെ മക്കളുടെ വിവാഹ സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ചോദിച്ച് നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക് (4/27 -3 - 19 ) മറുപടി ലഭിച്ചില്ല. എട്ട് പേർക്ക് നൽകിയ വിവാഹ ധനസഹായം 600000 ( 75000 X 8 ) ഓഡിറ്റ് തടസപ്പെടുത്തുന്നു.

## 3-14 സ്വയം തൊഴിലിന് ഓട്ടോറിക്ഷ - അർഹതയില്ലാത്തയാൾക്ക് സബ്സിഡി അനുവദിച്ചു

പദ്ധതി:- എസ് സി യുവാക്കൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ നൽകൽ (173)
നിർവ്വഹണം:- അസിസ്റ്റന്റ സെക്രട്ടറി

അടങ്കൽ:- 400000 (വികസന ഫണ്ട്)
ചെലവ് :- 300000 (വികസന ഫണ്ട് )
ബിൽ നം. 1/17-18, തിയ്യതി 22/6/17, (250000 )
6/17 - 18, തിയ്യതി 31/7/17, ( 50000 )
കടലുണ്ടി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ് സി യുവാക്കൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ നൽകൽ പദ്ധതിയുടെ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.
മൊത്തം ആറ് ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം 50000 രൂപ വീതം ധനസഹായം അനുവദിച്ചു, ആയതിൽപ്പെട്ട ശ്രീ. ഉദുലാൽ, AP S/o ഗോപാലൻ എന്നവരുടെ റേഷൻ കാർഡ് കോപ്പി പരിശോധിച്ചപ്പോൾ ടിയാന്റെ അമ്മ ശ്രീമതി. രമണി കെ. സർക്കാർ ജീവനക്കാരിയാണെന്ന് കാണുന്നു. സർക്കാർ ജീവനക്കാരുടെ കുടുംബത്തിന് സബ്സിഡി ആനുകൂല്യം അനുവദിച്ചതിൽ വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/27-3-19) മറുപടി ലഭിച്ചിട്ടില്ല. അതിനാൽ 50,000 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 3-15 മാർഗ്ഗ രേഖ വ്യവസ്ഥകൾ പാലിക്കാതെ ലാപ്പ്ടോപ്പ് നൽകി

പദ്ധതി :- എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (16)
നിർവ്വഹണം:- അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ :- 750000 (വികസന ഫണ്ട് )
ചെലവ് :-462240 (വികസന ഫണ്ട് )
ബിൽ നം :- 22/17-18 തിയ്യതി 28/3/18
കടലുണ്ടി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത താഴെ കൊടുക്കുന്നു.
ഈ പദ്ധതി പ്രകാരം മൊത്തം പതിനാറ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകിയതിൽ ശ്രീമതി. ശിൽപ്പ കെ, D/o ചന്ദ്രൻ എന്ന വിദ്യാർത്ഥിനി ഫറോക്ക് കോപ്പറേറ്റീവ് കോളജ് എന്ന പാരലൽ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥിനിയാണ്. 3/4/2017 ലെ സർക്കാർ ഉത്തരവ് നമ്പർ 80/2017 പ്രകാരമുള്ള മാർഗ്ഗരേഖ ഖണ്ഡിക 11.8 പ്രകാരം പാരലൽ കോളജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി റജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയാൽ മാത്രമെ ലാപ്പ്ടോപ്പ് അനുവദിക്കാവൂ എന്നാൽ ഈ നിബന്ധന പാലിക്കാതെയാണ് ശ്രീമതി ശിൽപ്പക്ക് ലാപ്പ് ടോപ്പ് അനുവദിച്ചത് ഇക്കാര്യത്തിൽ വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/27-3-19) മറുപടി ലഭിച്ചില്ല. അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 സ്പോർട്സ് രംഗത്തെ സമഗ്ര പ്രവർത്തനം - പദ്ധതിയിലെ അപാകതകൾ

പദ്ധതി – സ്പോർട്സ് രംഗത്തെ സമഗ്ര പ്രവർത്തനം (169)
നിർവ്വഹണം:- ഹെഡ്മാസ്റ്റർ
അടങ്കൽ:- 300000 ( തനത് ഫണ്ട് )
ചെലവ്. 190739 ( തനത് ഫണ്ട് )
ചെക്ക് നം. 118181 തിയതി 4/10/17 , 190739
കടലുണ്ടി ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ സ്പോർട്സ് രംഗത്തെ സമഗ്ര പ്രവർത്തനം പദ്ധതിയിലെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.
1. 3/4/I7 ലെ സർക്കാർ ഉത്തരവ് നമ്പർ 80/2017 ത സ്വ ഭ വ പ്രകാരമുള്ള മാർഗരേഖ 12.7 പ്രകാരം ഉൽപ്പാദനപരമല്ലാത്ത ക്യാമ്പുകൾ, മേളകൾ എന്നിവ തദ്ദേശ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കടലുണ്ടി ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം രാവിലെയും, വൈകിട്ടും തെരഞ്ഞെടുത്ത കുട്ടികൾക്ക് ഫുട്ബോൾ പരിശീലന ക്യാമ്പ്, അത് ലറ്റിക്ക് പരിശീലനം എന്നിവയാണ് സംഘടിപ്പിച്ചത്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയിട്ടില്ല.
2. ഒരു ദിവസം ക്യാമ്പിൽ പങ്കെടുക്കുന്ന ഒരു കുട്ടിക്ക് 23/- രൂപ നിരക്കിലുള്ള ഭക്ഷണം നൽകിയതിന് 2016-17 വർഷത്തിൽ ചെലവ് വന്ന 190739 രൂപ 17-18 വർഷത്തിൽ അനുവദിച്ചതായി കാണുന്നു. കഴിഞ്ഞ വർഷത്തെ ചെലവ് ഈ വർഷം അനുവദിക്കേണ്ടി വന്നതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല. ദിവസം 23 രൂപയ്ക്ക് ഓരോ കുട്ടിക്കും എന്തൊക്കെ ഭക്ഷണമാണ് നൽകിയത് എന്ന് കുടുംബശ്രീയുടെ ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.
മേൽ വ്യക്തമാക്കിയ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/28-3-19 ) മറുപടി ലഭിച്ചില്ല. ഈയിനത്തിലുള്ള 190739 രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 51000 | പുനർജ്ജനി നെൽകൃഷി വിത്ത് , കൂലി ചെലവ് സബ്സിഡി | 51000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | പാലിന് സബ്സിഡി (വനിത) | 50000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 387500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 193750 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 51000 | പുനർജ്ജനി നെൽകൃഷി വിത്ത്, കൂലി ചെലവ് സബ്സിഡി | 51000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലിന് സബ്സിഡി (വനിത) | 200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 387500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 11500 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | അങ്കണവാടികളുടെ സമഗ്ര വികസനം | 300000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | ജപ്പാൻ കുടിവെള്ള പദ്ധതി | - | 1574000 | - | 1574000 |
| കെ.എസ്.ഇ.ബി. | സ്നേഹതീരം ഇലക്ട്രിക് പോസ്റ്റ് | - | 28715 | - | 28715 |
| കെ.എസ്.ഇ.ബി. | കമ്മ്യൂണിറ്റി ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | - | 59355 | 59355 | - |
| കെ.എസ്.ഇ.ബി. | എൽ. പി. ജി. ശ്മശാനത്തിലേക്ക് 3 ഫേസ് ലൈൻ | - | 31910 | - | 31910 |

പ്രവൃത്തിയുടെ പൂർത്തീകരണ വിവരം/ മൂല്യനിർണ്ണയ വിവരം എന്നിവ അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 479/2010 തി.11.2.2010 | 6960000 | 1899342 | 606000 | 0 | 1293342 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3500 |
| തൻവർഷം നിക്ഷേപിച്ച തുക | ----- |
| ആകെ | 3500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ---- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മുൻബാക്കി | 3500 |
| ആകെ | 3500 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം |
|---|---|---|
| 1999-00, 61(6) | 2003-04, 11.13.2.3 | പൊതു പരാമർശം - വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല |
| 1999-00, 42 | 2003-04, 11.13.5.16 | മൈത്രീ ഭവന പദ്ധതി ഉത്തരവാദിത്വം നിറവേറ്റിയില്ല |
| 1999-00, 30,31 | 2003-04,11.13.7(23).116 | നികുതി പിരിവിൽ അലംഭാവം |
| 2000-01, 7 | 2003-04, 11.14.117 | പൊതു പരാമർശം - കേച്ചേരി മിനി കുടിവെള്ള പദ്ധതി |
| 1999-00, 35<br>47<br>53 | 2003-04,11.14.119 | 1. ചാലിയം കടവ് ലേലം.<br>2. എ.പി.റോഡ് കരുവൻതുരുത്തി കടവ് റോഡ്.<br>3. ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല. |
| 2009-10, 3-8 | 2011-12, 2.7(3),26. | വനിത വ്യവസായ കേന്ദ്രം വൻതുക ചെലവഴിച്ച് നിർമ്മിച്ചത് ഉപയോഗപ്പെടുത്തുന്നില്ല. |
| 2002-03, 2-4 | 2004-05, 3.11.1.4.1.7 | കേസ് വ്യക്തിപരം – ഫീസ് പഞ്ചായത്തിൽ നിന്നും നൽകി |
| | 2014-15, 4.2.9.51 | ആർ. എം. എഫ്. അധികം ഒടുക്കി |
| | 2014-15, 5.7.7.89 | മൃഗാശുപത്രി – വാടക നൽകിയില്ല |
| | 2014-15, 5.7.12.100 | കർഷകർക്ക് പരിശോധനാ കിറ്റ് നൽകിയില്ല |
| | 2014-15, 5.7.12.100 | ഗോരക്ഷാ ക്യാംപ് നടത്തിയില്ല |
| | 2014-15, 5.7.12.101 | സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിൽ കാലതാമസം |
| | 2014-15, 5.7.12.106 | തെരുവു വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയില്ല |
| 2014-15, 3-31 | 2016-17, 4.2.1.49 | പുറമ്പോക്ക് സംരക്ഷണം – അപാകതകൾ |
| 2014-15, 2-5 | 2016-17, അനുബന്ധം - 4 | തൊഴിൽ നികുതി – അപാകതകൾ |
| 2015-16, 2-6 | 2016-17, അനുബന്ധം -5 | തൊഴിൽ നികുതി – അപാകതകൾ |

## 4-8 അവശേഷിക്കുന്ന ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടികളുടെ വിവരം

ഇല്ല

(ബി)സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, | സർ ചാർജ് സർട്ടി ഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട | ഈടാക്കിയ | | | |

| | | | ഭരണ വകുപ്പ് | | | | | തുക | തുക | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 14 | T.T.K Balan, Secretary | LF.9086/ Spl Cell. SC4/2001 Dt. 3.10.02, 22.10.02 | 3091 | - | - | - | - | - | - | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82487924 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,81,19,862 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1226183 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | - | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 325944 | ശ്രീ. എം. ജി. ഷനൂപ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 25000 | ശ്രീ. കെ. കെ. മോഹനൻ, ഹെഡ്മാസ്റ്റർ |
| 3-12 | 34500 | ശ്രീമതി. യു. ടി. സുരക്ഷിത, അസി. സെക്രട്ടറി |
| 3-13 | 600000 | ശ്രീമതി. യു. ടി. സുരക്ഷിത, അസി. സെക്രട്ടറി |
| 3-14 | 50000 | ശ്രീ. കെ. പി. എം. നവാസ്, അസി. സെക്രട്ടറി |
| 3-16 | 190739 | ശ്രീ. കെ. കെ. രാമകൃഷ്ണൻ, ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. കെ. മോഹനൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഒരവിൽ ഉള്ള്യേരി ഗവ. എൽ. പി | പറത്തിക്കണ്ടി, മൂലാട് പി.ഒ, നടുവണ്ണൂർ വഴി, 673614 |

| | | |
|---|---|---|
| | സ്കൂൾ | |
| ശ്രീമതി. യു. ടി. സുരക്ഷിത, അസി. സെക്രട്ടറി | അസി. സെക്രട്ടറി, കടലുണ്ടി ഗ്രാമ പഞ്ചായത്ത് | ഹൃദേവ് ഭവൻ, കണ്ണങ്കര, പി. ഒ, തണ്ണീർമുക്കം, ആലപ്പുഴ ജില്ല |
| ശ്രീ. കെ. പി. എം. നവാസ്, അസി. സെക്രട്ടറി | സെക്രട്ടറി, കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്ത് | അക്ഷരം, 21/3678 F, YMRC റോഡ്, ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് പി. ഒ. , കോഴിക്കോട്. 673018 |
| ശ്രീ. കെ. കെ. രാമകൃഷ്ണൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, പയ്യോളി എസ്. എൻ. ഭജനമഠം ഗവ. യു. പി സ്കൂൾ | കുറുനാത്കണ്ടി, മണിയൂർ പി. ഒ, പയ്യോളി 673523 |
| ശ്രീ. എം. ജി. ഷനൂപ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കടലുണ്ടി ഗ്രാമ പഞ്ചായത്ത് | മണ്ണലാംകുന്നത്ത് വീട്, കീഴൂർ പി. ഒ, കുന്നംകുളം, തൃശ്ശൂർ – 680523 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1992-93 & 1993-94 | എൽ.എഫ്.എസ്.2/1535/1995, 09.04.1999 | 7 | |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി.2/188/2011(7), 26.04.2011 | 2 | 28,29 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(1), 10.05.2012 | 1 | 21 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(2), 10.05.2012 | 5 | 10,14,23,24,28 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(3), 10.05.2012 | 7 | 30,38,39,40,41,44,45 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012, 14.11.2012 | 7 | 6,7,10,11(2),(3),12,19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(1), 14.11.2012 | 8 | 2-4,2-5,2-6,3-3,3-5,3-9,3-10, 3-11,3-12 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(2), 14.11.2012 | 4 | 2-1,3-1,3-4,3-6 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്.1/1079/2003, 01.01.2004 | 1 | |
| 2002-03 (വരവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(6), 15.03.2013 | 1 | 2-2 |

| | | | |
|---|---|---|---|
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(5), 15.03.2013 | 11 | 2-1,2-4,2-4A,2-4C,9,10,11, 13(1),14,18,19 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.2/1709/2012, 06.04.2013 | 7 | 2-1,2-3,3-1,3-2,3-3,3-4,3-8B |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.2/1710/2012, 22.04.2013 | 13 | 2-1,3-4,3-7,3-11,3-13,3-15, 3-16,3-17 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.2/1711/2012, 11.06.2013 | 2 | 3-3,4-5 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.2/1130/2015, 29.10.2015 | 19 | 2-6,2-8,2-12,,3-1,3-2,3-3, 3-9,3-103-11,3-13,3-15, 3-16,3-19,3-20, 3-23,3-24,3-25, 4-3,4-4 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.2/184(2)/2015, 19.06.2015 | 23 | 2-8,2-9,2-10,2-11,3-2,3-6,3-7, 3-8,3-9,3-11,3-12,3-16, 3-18,3-19,3-20,3-21,3-22, 3-26,3-27,4-2,4-3 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.2/62/2015, 01.07.2013 | 11 | 28,28 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.2/184(3)/2015, 19.06.2015 | 09 | 3-2,3-5,3-6,3-7,3-8,4-3,4-4, 4-77 |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.2/599/2015, 15.05.2015 | 13 | 1-5,2-3,3-3,3-5,3-8,3-11, 3-13,3-16,3-18,3-19, 3-20,3-22 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.2/62/2015, 10.04.2015 | 14 | |
| 2013-14,2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.2/314/16 /13.5.2016 | 41 | 2-1,2-2,2-3,2-4,2-5,2-6,2-7,3-1, 3-2,3-3,3-4,3-5,3-6,3-7,3-8,3-9, 3-11,3-12,3-14,3-16,3-17,3-18, 3-19,3-20,3-21,3-22, 3-23,3-26, 3-27,3-31,3-31,3-34,4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി.11/2076/16 | 25 | 2-1,2-2,2-3,2-4,2-5,2-6,2-7, 2-8,2-9,3-1,3-2,3-3,3-4,3-5,3-6, 3-7,3-8,3-9,3-10,3-11,3-12, 3-13,3-14,3-15,3-16 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി.11/1635/17 തീയതി 11.8.2017 | 24 | 1-10,2-1,2-2,2-3,(1),2-3(2),2-4,2-5,2-6,2-7,3-2,3-4,3-5,3-6,3-7,3-8,3-10,3-11,3-12,3-13,3-14,3-16,4-9 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം.1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.കെ.കെ.ഡി.പി.16/427/2019 തീയ്യതി: 30.03.2019.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കടലുണ്ടി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ

പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്